കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എടത്തിരുത്തി ഗ്രാമപഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.-ടി.എസ്.ആർ.(പി.3)63/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020.
ഫോൺ നമ്പർ -0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി.07.02.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
എടത്തിരുത്തി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം –എടത്തിരുത്തി ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ 2-2, 2-3, 2-6, ഭാഗം 3-ലെ 3-4, 3-6, 3-11 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :-
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ടി.എസ്.ആർ.(പി.3)63/18 തീയതി. 07.02.2019

തൃശ്ശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2017-18
സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തൃശ്ശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 13.10.2017 മുതൽ 31.10.2018 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള 2017-18 സാമ്പത്തിക വർഷത്തെ പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സൈമൺ.കെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.11.18 മുതൽ 30.11.18 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീ ശിവൻ.പി.എ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| ശ്രീ.റഫി ജോൺ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| ശ്രീ.സിജു.പി.ഡാംസൺ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സോന കെ സത്യൻ | ഓഡിറ്റർ |
| ശ്രീ.ജോയ്സൻ സി.ജെ | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ബൈന പ്രദീപ് | 1.04.17 മുതൽ 31.03.18 വരെ |
| സെക്രട്ടറി | പി.വൈ.സാജിത, | 1.04.17 മുതൽ 31.03.18 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| | നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| പി.വൈ.സാജിത, സെക്രട്ടറി | സെക്രട്ടറി, എടത്തിരുത്തി ഗ്രാമപഞ്ചായത്ത് | 01.04.17 മുതൽ 31.03.18 വരെ |
| സി.എൻ.ഷിനിൽ, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, തച്ചൻപാറ ഗ്രാമപഞ്ചായത്ത് | 01.04.17 മുതൽ 31.03.18 വരെ |
| ആശ.കെ.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, വലപ്പാട് ഗ്രാമപഞ്ചായത്ത് | 01.04.2017 to 22.10.2017 |
| സിമി വി.യു, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, എടത്തിരുത്തി | 23.10.2017 മുതൽ 31.03.2018 വരെ |
| മുഹമ്മദ് ഇസ്മയിൽ, കൃഷി ഓഫീസർ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, മതിലകം | 01.04.2017 മുതൽ 17.12.2017 വരെ |
| സോഫിയ ജോൺ, കൃഷി ഓഫീസർ | സോയിൽ സർവ്വേ ഡിപ്പാർട്ട്മെന്റ്, ചാലക്കുടി | 18.12.2017 മുതൽ 31.03.2018 വരെ |
| സന്തോഷ് എൻ.കെ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, എടത്തിരുത്തി | 01.04.17 മുതൽ 31.03.18 വരെ |
| ഡോ.സ്റ്റെഫി ജോർജ്ജ്, മെഡിക്കൽ ഓഫീസർ പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01.04.17 മുതൽ 31.03.18 വരെ |
| സലോമി കെ വി, ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01.04.17 മുതൽ 31.03.18 വരെ |
| പി.വി.സുഷമ, എച്ച്.എം, ജി.എൽ.പി.എസ് | എച്ച്.എം, ജി.എൽ.പി.എസ്, പെരുമ്പടപ്പ (റിട്ടയേർഡ്) | 01.04.17 മുതൽ 31.03.18 വരെ |
| ജീന.ജി.നാഥ്, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01.04.17 മുതൽ 31.03.18 വരെ |
| പ്രശാന്ത് സി.എം, ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01.04.17 മുതൽ 31.03.18 വരെ |
| ദിവ്യ ടി. ശങ്കർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചെന്ത്രാപ്പിന്നി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തളിക്കുളം ഗ്രാമപഞ്ചായത്ത് | 01.04.17 മുതൽ 31.03.18 വരെ |
| പ്രജിത പ്രകാശ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, എടത്തിരുത്തി | 01.04.17 മുതൽ 31.03.18 വരെ |

| | | |
|---|---|---|
| എടത്തിരുത്തി | | |
| ഡോ.ഹെജി ജോർജ്ജ്, മെഡിക്കൽ ഓഫീസർ, ഹോമിയോപ്പതി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01.04.2017 മുതൽ 30.06.2017 വരെ |
| ഡോ.ദിവ്യ എൻ.എസ്, മെഡിക്കൽ ഓഫീസർ, ഹോമിയോപ്പതി | മെഡിക്കൽ ഓഫീസർ, ഹോമിയോ, എടത്തിരുത്തി ഗ്രാമപഞ്ചായത്ത് | 01.07.2017 മുതൽ 31.03.2018 വരെ |
| ഡോ.ബീന കെ.ആർ, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01.04.2017 മുതൽ 30.06.2017 വരെ |
| ഡോ.ജിനചന്ദ്രൻ, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം, എടത്തിരുത്തി ഗ്രാമപഞ്ചായത്ത് | 01.07.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം

| ക്രമ നമ്പർ | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| 13 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-1 |
| 14 | തൊഴിൽ നികുതി കുറവായി ഈടാക്കുന്നു | 2-2 |
| 15 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല | 2-3 |
| 16 | ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തിൽ നടത്തിയ ലേലങ്ങളിൽ ജി.എസ്.ടി, ഐ.ടി എന്നിവ ഈടാക്കിയിട്ടില്ല | 2-4 |
| 17 | കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ | 2-5 |

| | | |
|---|---|---|
| | ഫണ്ട് - കളക്ഷൻ ചാർജ് തനതു വരുമാനമാക്കാവുന്നതാണ് | |
| 18 | വസ്തുനികുതി പരിശോധനയിൽ കണ്ട അപാകതകൾ | 2-6 |
| 19 | പദ്ധതി ചെലവ് സുലേഖ ചെലവ് സ്റ്റേറ്റുമെന്റുമായി പൊരുത്തപ്പെടുന്നില്ല | 3-1 |
| 20 | സ്ഥാപനം ലഭ്യമാക്കിയ ബില്ലിൽ ടാക്സ് തെറ്റായി ഈടാക്കി | 3-2 |
| 21 | ഹോംകോയിൽ നിന്നും മരുന്ന് വാങ്ങുമ്പോൾ മരുന്നിന് നൽകിയ തുകയിൽനിന്നും ഫ്രൈറ്റ് ചാർജ് ഈടാക്കുന്നു | 3-3 |
| 22 | മാർഗനിർദ്ദേശത്തിനു വിരുദ്ധമായി തുക ചെലവഴിച്ചു | 3-4 |
| 23 | വികസന സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന വിഷയമേഖലകളിലെ പദ്ധതി നിർവ്വഹണം-ഒരു അവലോകനം | 3-5 |
| 24 | അങ്കണവാടിക്ക് സ്ഥലംവാങ്ങൽ - ചട്ടങ്ങളിലെ നിയമനിഷ്ക്കർഷ പാലിച്ചില്ല. | 3-6 |
| 25 | രജിസ്റ്ററുകളുടെ പരിപാലനം | 3-7 |
| 26 | കരാറുകാരുടെ ബഹിഷ്കരണം, പങ്കാളിത്തക്കുറവ്-പ്രവൃത്തി നിർവഹണക്കുറവ് | 3-8 |
| 27 | 2016-17 ലെ എട്ട് മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല | 3-9 |
| 28 | ആശ്രയ പദ്ധതി-കരാർ-ഫോട്ടോ ഫയലിൽ സൂക്ഷിക്കേണ്ടതാണ് | 3-10 |
| 29 | ഹരിതകേരളം പദ്ധതി (തുണി സഞ്ചി വിതരണം)-മാർഗരേഖയ്ക്ക് വിരുദ്ധം- വിതരണ രേഖകളില്ല -ചെലവ് തുക 4,02,500/- രൂപ തടസ്സപ്പെടുത്തുന്നു. | 3-11 |
| 32 | വീട് റിപ്പയറിംഗിന് നൽകിയ മുൻകൂർ തുക തിരികെ-സഞ്ചിതനിധിയിലേക്ക് അടവാക്കിയില്ല | 3-12 |
| 33 | ലൈഫ് പദ്ധതി -ഗുണഭോക്താക്കളുടെയും പൂർത്തീകരിച്ച ഭവനങ്ങളുടെയും ഫോട്ടോ ഫയലിൽ സൂക്ഷിക്കേണ്ടതാണ് | 3-13 |
| 34 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ പ്രവൃത്തികൾ- ടെണ്ടർ നടപടികളുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല- 3,39,721.00 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-14 |
| 35 | ജാഗ്രത സമിതി ശക്തിപ്പെടുത്തൽ- പരാതിപ്പെട്ടി, സൈൻ ബോർഡ് എന്നിവ സ്ഥാപിച്ച വിവരങ്ങൾ ഇല്ല- 67,500/- രൂപ തടസ്സപ്പെടുത്തുന്നു | 3-15 |

| | | |
|---|---|---|
| 36 | വൃദ്ധർക്ക് കട്ടിൽ വിതരണം (ജനറൽ)- അപേക്ഷ-വിതരണ രേഖകൾ ഇല്ല – 59,715/- രൂപ തടസ്സപ്പെടുത്തുന്നു | 3-16 |
| 37 | സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 38 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 40 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 41 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-7 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 46 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 47 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം – 2 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് 23.03.17 തീയതിയിലെ (1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 27.03.18 തീയതിയിലെ (1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവ് 13,74,40,868/- രൂപയും ചെലവ് 13,94,81,700/- രൂപയുമായിരുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2018 | 26/05/2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25/06/18, 26/06/18 | കെ.എസ്.എ.- ടി.എസ്.ആർ.(ഇ3) 1150/18(19)/ 30.07.18 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18829665.30 |
| വരവ് | 62972589 |
| ആകെ | 81802254.30 |
| ചെലവ് | 73741545 |
| നീക്കിയിരിപ്പ് | 8060709.30 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 14271000 | 14271000 | 9402387 | 4868613 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 10444618 | 10444618 | 9929075 | 515543 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 9000 | 9000 | 0 | 9000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 13221000 | 13221000 | 8241391 | 4979609 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3567000 | 3567000 | 3567000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6655204 | 6655204 | 5459656 | 1195548 |
| കെ.എൽ.എസ്.ജി.ഡി.പി. (ACR പ്രകാരം) | | 0 | 540932 | 540932 | 511239 | 29693 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | തൊഴിലാളികളുടെ കൂലി | 0 | 10512586 | 10512586 | 10512586 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 5704 | 1116914 | 1122618 | 1100322 | 22296 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)<br>ഐ.സി.ഡി.എസ്. -കേന്ദ്രവിഹിതം | | 1876854 | 895507 | 2772361 | 365284 | 2407077 |
| ടി.എസ്.സി. | | | 101484 | 101484 | 101484 | - |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1653000 | 1653000 | 1020021 | 632979 |
| | ജില്ലാ പഞ്ചായത്ത് | 0 | 700000 | 700000 | 698357 | 1643 |
| ബി ഫണ്ട് | | 0 | 48980300 | 48980300 | 48980300 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 2630373 | 10594429 | 13224802 | 2630373 | 10594429 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട്<br>ടി.ഡി.സി.ബി. കാട്ടൂർ | 9833211 | 8168500 | 18001711 | 9366146.12 | 8635564.88 |
| | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കൊടുങ്ങല്ലൂർ | 474805 | 77514 | 552319 | 452033 | 100286 |
| മറ്റിനം -ടി.ഡി.സി.ബി.-ഡിസ്ട്രസ്സ് റിലീഫ് ഫണ്ട് | | 3750 | 0 | 3750 | 0 | 3750 |
| കനറാ ബാങ്ക് -എൻ.ആർ.ഇ.ജി.എസ്. | | 5704 | 12666494 | 12672198 | 12649902 | 22296 |

| | | | | | |
|---|---|---|---|---|---|
| സ്പെഷ്യൽ ടി.എസ്.ബി.8 | 8449053 | 11843400 | 20292453 | 20383146 | -90693 |
| സ്പെഷ്യൽ ടി.എസ്.ബി. -1331 (ജോയിന്റ് വെഞ്ചർ) | 0 | 2353000 | 2353000 | 2985979 | -632979 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 207 | 74574965 | 108 | 40123255 | 91 | 8 | 53.80 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1) വാട്ടർ കണക്ഷൻ ജനറൽ (സ്പിൽ ഓവർ)

2) മത്സ്യതൊഴിലാളികൾക്ക് വഞ്ചിയും, വലയും നൽകൽ

3) ലൈഫ് പദ്ധതി

4) നെൽകൃഷി പ്രോത്സാഹനം

5) മത്സ്യകൃഷിക്കാവശ്യമായ സംരക്ഷണവല നൽകൽ

6) കടൽ സുരക്ഷ ഉപകരണങ്ങൾ നൽകൽ (ലൈഫ് ജാക്കറ്റ്)

7) അധികം ലഭിച്ച അലോട്ട്മെന്റ് തുക തിരിച്ചടവ്

8) വിവിധ വാർഡുകളിൽ കുടിവെള്ള കിയോസ്ക് സ്ഥാപിക്കൽ

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 5704 | 1116914 | 1122618 | 1100322 | 22296 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 10512586 | 10512586 | 10512586 | 0 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 19800 | 36 |
| കർഷകതൊഴിലാളി പെൻഷൻ | 3711700 | 291 |
| വിധവാ പെൻഷൻ | 16746200 | 1392 |
| വാർദ്ധക്യകാല പെൻഷൻ | 24158000 | 1882 |
| വികലാംഗ പെൻഷൻ | 3360700 | 295 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 983900 | 89 |
| ആകെ | 48980300 | |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-11-2018-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 94,228/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിലെ വരവു ശേഖരണം വളരെ തൃപ്തികരമാണ്. കമ്മിറ്റി മിനിറ്റ്സുകൾ പുസ്തക രൂപത്തിലാക്കി ഭംഗിയായി പരിപാലിച്ചിട്ടുണ്ട്. കാര്യാലയത്തിലെ ഓരോ ജീവനക്കാരനും ചെയ്യേണ്ട ജോലികൾ വ്യക്തമായി രേഖപ്പെടുത്തി വിഭജനം നടത്തിയിട്ടുണ്ട്. ഗ്രാമസഭകളിൽ ചർച്ചകൾ നടത്തി രേഖപ്പെടുത്തലുകൾ നടത്തി ആധികാരികമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് കീഴിൽ വരുന്ന ഓരോ കാര്യാലയത്തെയും ഒരു മിനി സിവിൽ സ്റ്റേഷന്റെ പരിധിയിലാക്കുവാൻ ഗ്രാമസഭകളിൽ എടുത്ത തീരുമാനം വളരെ ശ്രദ്ധേയമാണ്. സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ട്, തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് എന്നിവ ഗ്രാമസഭകളിൽ ചർച്ച ചെയ്യേണ്ടതുണ്ട്. വർക്കിങ് ഗ്രൂപ്പ് യോഗങ്ങളിൽ തീരുമാനങ്ങൾ രേഖപ്പെടുത്താത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവ മോണിറ്ററിങ് കമ്മിറ്റികളായി പ്രവർത്തിച്ചതിന്റെ രേഖകൾ ഫയലില്ല. അതെ സമയം അസിസ്റ്റൻറ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികളിലെല്ലാം തന്നെ മോണിറ്ററിങ് റിപ്പോർട്ടുകൾ വെച്ചിട്ടുള്ളതുമാണ്. ഗുണനിലവാരം ഉറപ്പുവരുത്തേണ്ട സംഗതികളിൽ (ഫർണീച്ചർ) ആയത് ആധികാരികമാക്കി പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സിലും ഭരണസമിതി മിനിറ്റ്സിലും രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുള്ളതും ശ്രദ്ധേയമാണ്. ആസ്തി രജിസ്റ്റർ കാലികമായി സൂക്ഷിച്ചാൽ അവയുടെ സമയബന്ധിതമായ പരിപാലനത്തിനും സമയോചിതമായി പുതിയ പദ്ധതികൾ ആവിഷ്കരിക്കാനും വളരെ പ്രയോജനപ്പെടുന്നതാണ്. സ്റ്റോക്ക് രജിസ്റ്ററിൽ കാലക്രമമനുസരിച്ച് സ്റ്റോക്ക് എഴുതി സൂക്ഷിയ്ക്കുന്ന രീതി ഒഴിവാക്കേണ്ടതാണ്. പൊതുടാപ്പുകളുടെ സംയുക്ത പരിശോധനനടത്തി എണ്ണം തിട്ടപ്പെടുത്തിയപ്പോൾ വാട്ടർഅതോറിറ്റി തിട്ടപ്പെടുത്തിയ എണ്ണം തൃപ്തികരമല്ല എന്നുകണ്ടപ്പോൾ ഉപയോഗത്തിലുള്ള ടാപ്പുകൾക്ക് മാത്രമേ ചാർജ് അടക്കു എന്ന് അവരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ആയതിനനുസരിച്ച് മാത്രമേ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുള്ളൂ എന്ന കാര്യവും പ്രത്യേക പരാമർശമർഹിക്കുന്നു. വിലകൂടിയ വസ്തുവകകളിൽ വാഹനത്തിന് മാത്രമേ നിലവിൽ ഇൻഷ്വറൻസ് പരിരക്ഷയുള്ളൂ.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.11.2018 | ഒക്ടോബർ 2018 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.01.2011-05.02.2011 | 2005-06 to 2009-10 | 04.03.2011 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62(2) (എഫ്))

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ

ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി. രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1 തൻവർഷം,അരിയർ

- റെസിഡൻഷ്യൽ-നോൺ-റെസിഡൻഷ്യൽ അരിയർ ഡിമാന്റുകളിൽ സാംഖ്യ-സഞ്ചയകളിൽ വ്യത്യാസമുണ്ട്.
- 2016-17 ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B9 പ്രകാരം വസ്തു നികുതിക്ക് 2017-18-ലേക്ക് അഡ്വാൻസ് കളക്ഷൻ വന്നതും സഞ്ചയ പ്രകാരം തൻവർഷത്തേക്ക് ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്ത തുകയും തമ്മിൽ വ്യത്യാസം ഉണ്ട്.
- 663334-രൂപ+53156 രൂപ=716490 രൂപ ഈ വർഷത്തെ ബാലൻസ് ഷീറ്റ് B9 ഷെഡ്യൂളിൽ Advance collection-PT ആയി (350410101, 350410104-Advance collection-PT on Res., Non Res bldg-) വന്നിട്ടുണ്ടെങ്കിലും RP 36 ഷെഡ്യൂളിൽ (liability 350410101 -Advance collection-PT on Res) കളക്ഷൻ രേഖപ്പെടുത്തിയിട്ടില്ല.
- ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി കുടിശ്ശിക കാണിക്കുകയും നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തുകയും ചെയ്യേണ്ടിയിരുന്നത്. എന്നാൽ I-18 ഷെഡ്യൂൾ പ്രകാരം 280100104-Prior period income -Property tax on non residential buildings എന്ന ശീർഷകത്തിൽ 126729/-രൂപ, 280100101-Prior period income -Property tax on residential buildings എന്ന ശീർഷകത്തിൽ 670913/- രൂപ, എന്നിവ എഴുതി തള്ളിയതായി കാണുന്നു.

സഞ്ചയ മറ്റു അപാകതകൾ

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി. രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.

*** ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.1.3, 2.1.4 എന്നീ ഖണ്ഡികകളിലെ പട്ടികകൾ).

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തു നികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി. രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ വസ്തുനികുതിയുടെ 5% എന്ന നിരക്കിലല്ല ലൈബ്രറി സെസ്സ് രേഖപ്പെടുത്തിയിരിക്കുന്നത്. സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി കണക്കുകൂട്ടുന്ന തുകയിൽ വ്യത്യാസം വന്നിട്ടുണ്ട്.

2.1.1 തൻവർഷം റെസിഡൻഷ്യൽ നികുതി തുകയെ അടിസ്ഥാനമാക്കിയത്:

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2766048 | 2586365 | 200972 | ***വരേണ്ടിയിരുന്ന അധിക കളക്ഷൻ 21289/-. എന്നാൽ 32696/-രൂപയാണ് അടുത്ത വർഷത്തേക്ക് excess amount-journal adjustment entry ആയി എടുത്തിട്ടുള്ളത്. |

| | | | | |
|---|---|---|---|---|
| | | | | വ്യത്യാസം 11407 രൂപ. 2.1.3 പട്ടിക നോക്കുക |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2766048 | 2778210 | 200811 | ശരിക്കുള്ള അധിക കളക്ഷൻ (കളക്ഷൻ-ഡിമാന്റ് വ്യത്യാസം) 212973/- രൂപയാണ്. എന്നാൽ 663334/- രൂപയാണ് റെസിഡൻഷ്യൽ അഡ്വാൻസ് കളക്ഷൻ ആയി B9-ലേക്ക് ചേർത്തിട്ടുള്ളത്. (Rp 36 പ്രകാരം അഡ്വാൻസ് കളക്ഷൻ ഇല്ല). |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (2016-17 AFS 350410101- Advance collection-PT on Res. bldg- | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15,ബി 9) |

2.1.1 തൻവർഷം നോൺ-റെസിഡൻഷ്യൽ നികുതി തുകയെ അടിസ്ഥാനമാക്കിയത്:

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1402905 | 1359018 | 45797 | *** യഥാർഥ അധിക കളക്ഷൻ 1910/-. എന്നാൽ സഞ്ചയ DCBയിൽ 3840/- രൂപ കിട്ടാനുള്ള ബാലൻസ് ആയും കാണിച്ചിട്ടുണ്ട്. കൂടാതെ 5054/-രൂപ അടുത്ത വർഷത്തേക്ക് excess amount- journal adjustment entry ആയി എടുത്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1402905 | 1122398 | ഇല്ല | 1) നോൺ റെസിഡൻഷ്യൽ കറന്റിൽ കിട്ടാനായി 280507/- വരേണ്ടതിനു പകരം 4032/- രൂപ മാത്രമാണ്. B15 പ്രകാരം (3840(BT)+ 192(LC))) കാണിച്ചിട്ടുള്ളത്.<br>2)53156-രൂപ നോൺ-റെസിഡൻഷ്യൽ അഡ്വാൻസ് കളക്ഷൻ ആയി B9 ലേക്ക് ചേർത്തിട്ടുണ്ട്. ((Rp 36 പ്രകാരം അഡ്വാൻസ് കളക്ഷൻ ഇല്ല). |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (2016-17 AFS 350410104-Advance collection-PT on Non Res. Bldg--ഇല്ല | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15, ബി 9) |

2.1.3 അരിയർ റെസിഡൻഷ്യൽ തുകയെ അടിസ്ഥാനമാക്കിയത്:

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 415374 | 427243 | ഇല്ല | ***ബാലൻസ് 0 ഉം 32696/- രൂപ അടുത്ത വർഷത്തേക്ക് excess amount-journal adjustment entry ആയും എടുത്തിരിക്കുന്നു. എന്നാൽ ശരിക്കുള്ള അധിക കളക്ഷൻ 11869/- രൂപയാണ്. ഈ തുകയും റെസിഡൻഷ്യൽ കറന്റ് അധിക കളക്ഷൻ DCB വ്യത്യാസ തുകയായ 11407 രൂപയും കൂട്ടിയ തുകയായ 23276 രൂപ |

| | | | | |
|---|---|---|---|---|
| | | | | 32696/- രൂപയുമായി പൊരുത്തപ്പെടുന്നില്ല |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 456269* | 500197 | | 43928/- റെസിഡൻഷ്യൽ അരിയർ ബാലൻസ് വരേണ്ടിടത്ത് അരിയർ ബാലൻസ് (B15)ൽ വന്നിട്ടില്ല |
| | (2016-17ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15), *(റെസിഡൻഷ്യൽ കറന്റ്& അരിയർ ബാലൻസ് (377012+102070)= 479082/105x100)= 456269രൂപ | റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.1.4 അരിയർ നോൺ-റെസിഡൻഷ്യൽ ആകെ തുകയെ അടിസ്ഥാനമാക്കിയത്:

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 356238 | 326723 | ഇല്ല | *** 30720 (ശരിക്കുള്ള ഡിമാന്റ്-കളക്ഷൻ വ്യത്യാസം 29515/- രൂപയാണ്. ഈ തുകയാണ് അരിയർ ബാലൻസ് ആയി വരേണ്ടിയിരുന്നത്. വ്യത്യാസം 1205/- |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 390650* | 296254 | | നോൺ റെസിഡൻഷ്യൽ അരിയറിൽ കിട്ടേണ്ടത് 94396/- എന്നാൽ 32256/- രൂപ (30720+1536(LC))യാണ് B15 പ്രകാരം ബാലൻസ് അരിയർ വന്നിരിക്കുന്നത് |
| | (2016-17ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15), (നോൺ റെസിഡൻഷ്യൽ കറന്റ്& അരിയർ ബാലൻസ് 153643+256539= 410182/105x100= 390650 | റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

- 1/4/2017ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയും പുതിയ അസസ്സ്മെന്റ് തുകകൾ, തുടർന്ന് പുതിയ ഡിമാന്റ് തുകയായി കണക്കിൽ രേഖപ്പെടുത്തുകയുമാണ് വേണ്ടത്. "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും

വർഷാവസാനം ഉള്ള ഡിമാന്റ് തുക എടുത്ത് "സാംഖ്യ"യിൽ 1/4/2017 പ്രകാരമുള്ള ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. ആയതിനാൽ റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തലുകൾ ഇല്ലാതെ പോകുന്നു. വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

*മേൽ കാരണങ്ങളാൽ വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം വസ്തുനികുതിയിനത്തിലുള്ള യാതൊരു തുകകളുടെയും കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.*

3.ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2) (ഇ),(ജി))

4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന രീതിയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. രജിസ്റ്ററിൽ Cost, Depreciation എന്നീ ശീർഷകങ്ങൾ ഉണ്ടെങ്കിലും സചിത്ര സോഫ്റ്റ്‌വെയർ അപ്ഡേറ്റ് ചെയ്യാത്തതിനാൽ മൂല്യം രേഖപ്പെടുത്തപ്പെടുന്നില്ല. Drinking water, Irrigation, other constructions എന്നീ ശീർഷകങ്ങളിലെ ആസ്തികളുടെ Accumulated Depreciation ബാലൻസ് ഷീറ്റ് B11 വന്നിട്ടില്ല

5. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 327087 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നില്ല. സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം, വില രേഖപ്പെടുത്തി വർഷാന്ത്യ മൂല്യം കണക്കാക്കിയിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തുന്നില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ))

6. ഇൻകം&എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം “280000000-Prior Period item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം&എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2018-ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | 670913 |
| 280100104-Prior period income-Property tax on non residential buildings | 126729 |
| 280200401-Prior period Expenses--other incomes | 1095 |
| 280200402-Prior period Income —Recovery of Unutilised Grants | 1200 |

7 .വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന

ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2017-18 കാലയളവിലെ "Net Decrease in cash and cash equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (10,768,956) രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2017-18 കാലയളവിൽ "Net cash used up by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (11,255,354) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

8. TDCBയിലുള്ള തനതുഫണ്ട് അക്കൗണ്ടിന്റെ 31/3/2018 ലെ ബാങ്ക് റീക്കൺസീലിയേഷനിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability in respect of stale cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| വൗച്ചർ നമ്പർ | തീയ്യതി | തുക |
|---|---|---|
| 21700562 | 18.9.2017 | 900/- |
| 21500576 | 16.10.2015 | 500/- |
| 21500577 | 18.10.2015 | 500/- |
| 21501032 | 26.2..2016 | 500/- |
| | ആകെ | 2400/- |

9. Advance to implementing agencies(KWA) എന്ന ശീർഷകപ്രകാരം 4,21,000 രൂപ മുന്നിരിപ്പുണ്ട്. വിവിധ പദ്ധതികളിൽനിന്നും ബാക്കിവന്ന 85,240 രൂപ കേരള വാട്ടർ അതോറിറ്റി പഞ്ചായത്തിലേക്ക് തിരിച്ച് അടവാക്കിയപ്പോൾ advance to implementing agencies എന്ന ledger-ൽ മുഴുവൻതുകയും credit ചെയ്യേണ്ടതിനുപകരം 81,592 രൂപ മാത്രമാണ് credit ചെയ്തിരിക്കുന്നത്. കൂടാതെ prior period operations and maintenance expenses എന്ന ledger-ൽ 85,230 രൂപ credit ചെയ്തതായും കാണുന്നു. Accounting-ലെ അപാകതകൾ മൂലം മേൽ തുക balance sheet-ന്റെ ബി-4 ഷെഡ്യൂളിൽ liability ആയി വരുന്നില്ല.

10. 2016-17 വാർഷിക കണക്കുകളിൽ ബാലൻസ് ഷീറ്റിൽ temporary advance for official purpose എന്ന ശീർഷകത്തിൽ 5,600 രൂപയും tour travelling allowance എന്ന ശീർഷകത്തിൽ 800 രൂപയും ബി-18 ഷെഡ്യൂളിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ പ്രസ്തുത തുകകൾ 2017-18 വാർഷിക കണക്കുകളിൽ വരുന്നില്ല.

11.നിർവ്വഹണ ഉദ്യോഗസ്ഥർ കാഷ്ബുക്ക് 7A കാഷ്ബുക്ക് രജിസ്റ്ററിൽ എഴുതിസൂക്ഷിക്കുന്നില്ല (പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 16))

12. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

1.12.1 ഓഡിറ്റ് വേളയിൽ കണ്ടെത്തിയത്

1.12.1.1 താഴെ ചേർത്തിരിക്കുന്ന ശീർഷകങ്ങളിലുള്ള ചെലവുകൾ അതിന് നേരെ രേഖപ്പെടുത്തിയ കാരണങ്ങളാൽ ശരിയാണെന്ന് ഓഡിറ്റിൽ അഭിപ്രായപ്പെടുന്നില്ല.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റ് | വൗച്ചർ നമ്പർ | തീയ്യതി | തുക | ശീർഷകം | ഓഡിറ്റിന്റെ അഭിപ്രായം | സ്ഥാപനത്തിന്റെ മറുപടി |
|---|---|---|---|---|---|---|---|---|
| 1. | 94/18 | ഹരിത കേരളം - തുണി സഞ്ചി വിതരണം | 21701459 | 24/03/2018 | 40,2500 | 410710101- Movable asset- Plant, Machinery & Tools | സൗജന്യമായി തുണി സഞ്ചി വിതരണം നടത്തിയ ചെലവാണ്. ആയത് | ഓഡിറ്റ് എൻക്വയറിയ്ക്ക് ശേഷം ആസ്തി ശീർഷകത്തിൽ നിന്നും Prior period Programme |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | പഞ്ചായത്തിന്റെ ആസ്തിയായി രേഖപ്പെടുത്തിയത് തെറ്റാണ്. | expense എന്ന ശീർഷകത്തിലേക്ക് മാറ്റി. വൗച്ചർ 41800108 തീ.30/11/2018 |
| 2. | 88/18 | പട്ടികജാതി കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർ ടാങ്ക് വിതരണം ചെയ്യൽ | 21701448 | 22/03/2018 | 64,800 | 410400101-Drinking water-sources... | സബ്സിഡി നിരക്കിൽ പി.വി.സി. വാട്ടർ ടാങ്ക് വിതരണം നടത്തിയ ചെലവാണ്. ആയത് പഞ്ചായത്തിന്റെ ആസ്തിയായി രേഖപ്പെടുത്തിയത് തെറ്റാണ്. | ഓഡിറ്റ് എൻക്വയറിയ്ക്ക് ശേഷം ആസ്തി ശീർഷകത്തിൽ നിന്നും Prior period Administrative expense എന്ന ശീർഷകത്തിലേക്ക് മാറ്റി. വൗച്ചർ 41800109 തീ.30/11/2018 |

മേൽ പ്രകാരം റവന്യൂ ചെലവുകളെ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുത്തിയതിനാൽ പഞ്ചായത്തിന്റെ "ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തെറ്റായി 467300/- രൂപ കുറവ് ചെലവ് രേഖപ്പെടുത്തുന്നതിനും ബാലൻസ്ഷീറ്റിൽ 467300/- രൂപയുടെ ഇല്ലാത്ത ആസ്തി രേഖപ്പെടുത്തുന്നതിനും കാരണമായിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിയ്ക്ക് ശേഷം ഈ അപാകതകൾ 2018-19ലെ കണക്കിൽ ഉൾപ്പെടുത്തി പരിഹരിച്ചിട്ടുണ്ട്. *(ആയതിനനുസൃതമായി കാപ്പിറ്റൽ റവന്യൂ കോൺട്രിബ്യൂഷനും ക്രമീകരിച്ചിട്ടുണ്ട്. തെറ്റായി ഉൾപ്പെടുത്തിയ ആസ്തികൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ലായെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്.)*

1.12.1.2. പ്രോജക്റ്റ് 15/18, ആശ്രയ - സ്പിൽ ഓവർ പ്രോജക്റ്റിന്റെ ചെലവായ 2,70,000 രൂപ " 251300101-Housing -General " എന്ന ശീർഷകത്തിലാണ് ചെലവായി ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പ്രോജക്റ്റ് 87/18 -ആശ്രയ (പുതിയത്) പ്രോജക്റ്റിന്റെ ചെലവായ 1,98,400/- രൂപയുടെ ചെലവ് "251400101-Development programme for women and children -General" എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം ഒരേ തരം പ്രോജക്റ്റിലെ ചെലവുകൾ വ്യത്യസ്ത ശീർഷകത്തിൽ ഉൾപ്പെടുത്തി. ഇത്തരം അപാകതകൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1.12.1.3. പ്രോജക്റ്റ് നമ്പർ 78/18, കിണർ റീച്ചാർജ് എന്ന പ്രോജക്റ്റിന്റെ ചെലവ് തുക തനത് ഫണ്ട് ചെലവായ 11470 ഉൾപ്പെടെ 61470 രൂപയാണ്. എന്നാൽ പദ്ധതി വിഹിതത്തിൽ നിന്നുള്ള ചെലവായ 50,000 രൂപ "250200101-Soil and water conservation-General" എന്ന ശീർഷകത്തിലും തനത് ഫണ്ടിൽ നിന്നുള്ള ചെലവായ 11,470 രൂപ "251200802-Drinking water General " എന്ന ശീർഷകത്തിലും ഉൾപ്പെടുത്തി. ഇപ്രകാരം ഒരു പ്രോജക്റ്റിലെ ഒരേ തരം ചെലവ് വ്യത്യസ്ത ശീർഷകത്തിൽ ഉൾപ്പെടുത്തി. ഇത്തരം അപാകതകൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1.12.1.4. എം.എൻ ലക്ഷം വീട് പദ്ധതിയ്ക്ക് വേണ്ടി വി.ഇ.ഒ. (ചെന്ത്രാപ്പിന്നി), പഞ്ചായത്ത് പ്രസിഡണ്ട് എന്നിവരുടെ പേരിൽ എടത്തിരുത്തി കിസാൻ സർവ്വീസ് സഹകരണ ബാങ്കിൽ 3670-ാം നമ്പർ ആയുള്ള സംയുക്ത ബാങ്ക് അക്കൗണ്ടിലെ പാസ്സ്ബുക്ക് പ്രകാരമുള്ള 2017-18 ലെ സാമ്പത്തിക നില ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ് - 138203

പലിശ വരവ് –2866

ലൈഫ് പദ്ധതി ചെലവ് –40,000

നീക്കിയിരിപ്പ് –101069

എന്നാൽ ഈ ബാങ്ക് അക്കൗണ്ട് മുന്നിരിപ്പോ നീക്കിയിരിപ്പോ ഇതിലെ ഇടപാടുകളോ പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. വി.ഇ.ഒ, പഞ്ചായത്ത് പ്രസിഡണ്ട് എന്നിവരുടെ പേരിലുള്ള സംയുക്ത അക്കൗണ്ട് ആയതിനാലാണ് (സെക്രട്ടറിയുടെ പേരിൽ ഉള്ളതല്ല എന്ന അർത്ഥത്തിൽ) ഇത് കണക്കിൽ ഉൾപ്പെടുത്താത്തത് എന്ന് മറുപടി ലഭിക്കുകയുണ്ടായി. ഇത് പഞ്ചായത്തിന്റെ പൂർണമായ സാമ്പത്തിക നില പ്രകാശിപ്പിക്കുന്നതിന് വിഘാതമാകുന്നു. നിർവ്വഹണോദ്യോഗസ്ഥരെ എക്സ് ഒഫിഷ്യോ സെക്രട്ടറി എന്ന നിലയിൽ പരിഗണിച്ച് ഇവ പഞ്ചായത്തിന്റെ വാർഷികകണക്കിൽ നേരിട്ടോ അല്ലെങ്കിൽ ഈ "Advance to implementing

officer" എന്ന ശീർഷകത്തിലോ ഉൾപ്പെടുത്തി ഇവയിലെ ഇടപാടുകൾ നിരീക്ഷിക്കത്തക്ക രീതിയിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. (ഈ അക്കൗണ്ടിന് വേണ്ടി സൂക്ഷിക്കുന്ന കാഷ്ബുക്ക്, ചെക്ക് ബുക്ക് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല) (ഓഡിറ്റ് എൻക്വയറി 14,16 തീ 29/11/2018)

1.12.1.5. മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ ആസ്തി നിർമ്മാണം നടത്തിയിട്ടുണ്ട്.

പ്രോജക്റ്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ചെലവ് തുക |
|---|---|---|
| 1 | അംഗൻവാടി നിർമ്മാണം -വാർഡ് 7 (പാർട്ട് പേയ്മെന്റ്) | 126078.3 |
| 2 | അംഗൻവാടി നിർമ്മാണം -വാർഡ് 4 (പാർട്ട് പേയ്മെന്റ്) | 331545.2 |
| 3 | മഠത്തിക്കുളം പുനരുദ്ധാരണവും സൈഡ് സംരക്ഷണവും-വാർഡ് 5 | 165642 |
| | ആകെ | 623265.5 |

മേൽ ആസ്തി നിർമാണ ചെലവുകൾ ഉൾപ്പെടെയുള്ള ആകെ ചെലവ് തുക "160100601-National Rural Employment Guarantee Act scheme (NREGA)" എന്ന വരുമാന ശീർഷകത്തിലും "251300801- Total Poverty Alleviation Programs-General"എന്ന റവന്യൂ ചെലവ് ശീർഷകത്തിലും ഉൾപ്പെടുത്തുകയുമാണ് ചെയ്തിരിക്കുന്നത്. ആസ്തി നിർമാണ ചെലവുകൾ തെറ്റായി റവന്യൂ ചെലവായി ഉൾപ്പെടുത്തിയതിനാൽ ഇൻകം&എക്സ്പെൻഡിച്ചർ അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവ യഥാക്രമം തെറ്റായ പ്രവർത്തന ഫലം, സാമ്പത്തിക നില എന്നിവ കാണിക്കുന്നു.
ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇവ 2018-19-ൽ തിരുത്തൽ എൻട്രി മുഖേന ആസ്തികളായും തത്തുല്യമായ തുക Capital contribution ആയും ക്രമീകരിച്ചിട്ടുണ്ട്. (വൗച്ചർ 41800115, 41800116, 41800117, 41800112, 41800113, 41800114 തീ.30/11/2018 (ഓഡിറ്റ് എൻക്വയറി 16 തീ.29/11/2018)

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 8/28.11.18-ന് മറുപടി ലഭിച്ചിട്ടുണ്ട്. കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി കുറവായി ഈടാക്കുന്നു

1. ഗ്രാമപഞ്ചായത്ത് പരിധിയിൽ ഡെന്റൽ ക്ലിനിക്കുകൾ നടത്തി വരുന്ന ഡോക്ടർമാരിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കുന്നില്ല

| സ്ഥാപനത്തിന്റെ പേര് | വ്യക്തിയുടെ പേര് | ഈടാക്കിയ തുക |
|---|---|---|
| അമൃത ഡയബെറ്റസ് കെയർ സെന്റർ | ഡോ.സന്ദീപ്.എസ്. | 300 |

| | | |
|---|---|---|
| ശ്രീ ധനന്ത്വരി ആയുർവേദിക്സ് | ഡോ.സജു.കെ.ബി | 1000/- |
| നീതി ഡെന്റൽ ക്ലീനിക് (തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം) | ഡോ.അരുൺ | 600/- |
| | ഡോ.ലിയോണ | 120/- |
| | ഡോ.അരുൺ കുമാർ | 180/- |
| | ഡോ.മൃത്യുഞ്ജയൻ | 300/- |
| | ഡോ.വിഷ്ണു കെ പിള്ള | 180/- |
| | ഡോ.വി.ഡി പ്രസന്നൻ | - |
| | ഡോ.വിഷ്ണു പിള്ള | - |

പ്രസ്തുത ഡോക്ടർമാരിൽ നിന്നും തൊഴിൽ നികുതി, അവർ നടത്തി വരുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി എന്നിവ വേർതിരിച്ച് ഈടാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 5/ 28.11.18 നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല.

2. പെരുമ്പടപ്പ് ഈസ്റ്റ് യു.പി.എസ്., ചെന്ത്രാപ്പിന്നി സ്കൂളിന്റെ ആദ്യ അർദ്ധ വാർഷിക തൊഴിൽ നികുതി അടവാക്കുന്നതിന് സ്ഥാപന മേധാവി സമർപ്പിച്ച ലിസ്റ്റ് പരിശോധിച്ചപ്പോൾ രാജൻ.പി.പി, ഉറുദു ടീച്ചർ 31/05/2017-ൽ വിരമിച്ചതായും, ടിയാന്റെ തൊഴിൽ നികുതി പൂജ്യമായും രേഖപ്പെടുത്തിയതായും കാണാൻ സാധിച്ചു. ടിയാനിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്നതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 5/ 28.11.18 നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല. വിരമിച്ച വ്യക്തി ഗ്രാമ പഞ്ചായത്ത് പരിധിയിൽ 60 ദിവസം ജോലി ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണ്.

3. നാട്ടിക ഫർക്ക കോപ്പറേറ്റീവ് ബാങ്ക്, ചെന്ത്രാപ്പിന്നി ആദ്യ അർദ്ധ വാർഷിക തൊഴിൽ നികുതി അടവാക്കുന്നതിന് സ്ഥാപന മേധാവി സമർപ്പിച്ച ലിസ്റ്റ് പരിശോധിച്ചപ്പോൾ വരുമാന പരിധിയ്ക്ക് ആനുപാതികമായല്ല തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത്

| പേര് | അർദ്ധ വർഷ വരുമാനം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക |
|---|---|---|---|
| ഉഷ, ഐ.ഡി. മാനേജർ | 122529 | 333/- | 1250/- |
| രാജലക്ഷ്മി, അറ്റൻഡർ | 93514 | 333/- | 750/- |

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 5/ 28.11.18 നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല.

## 2-3 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 365 സ്ഥാപനങ്ങളാണ് കാണാൻ സാധിച്ചത്. എന്നാൽ 432 സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസിന് അപേക്ഷ നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 6/28.11.18 നൽകി, ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതു മൂലമാണ് ഇതു സംഭവിച്ചതെന്നാണ് മറുപടിയിൽ അറിയിച്ചത്. ആയതിനാൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാന നഷ്ടം ഉണ്ടാകാനുള്ള സാധ്യത തടയേണ്ടതുമാണ്.

## 2-4 ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തിൽ നടത്തിയ ലേലങ്ങളിൽ ജി.എസ്.ടി, ഐ.ടി. എന്നിവ ഈടാക്കിട്ടില്ല

ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തിൽ നടത്തിയ ലേലങ്ങളിൽ ജി.എസ്.ടി., ഐ.ടി. എന്നിവ ഈടാക്കിയതായി കാണുന്നില്ല. 2017-18 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന ലേലങ്ങൾ നടന്നിട്ടുള്ളതായി കാണുന്നു.

| ലേല വസ്തു | ലേലം വിളിച്ചയാൾ | കമ്മിറ്റി തീരുമാനം | ലേല തുക |
|---|---|---|---|
| ഉപയോഗ ശൂന്യമായ റോളിങ്ങ് ഷട്ടറിന്റെ ലേലം | ഷമീർ, കാട്ടൂർ | 10/10.8.2017 | 7120/- |
| കാന നിർമ്മാണം- കയ്യാലപ്പറമ്പ്-ടെമ്പിൾ റോഡ്-മണ്ണ് ലേലം | സുരേഷ്, പോത്തം പറമ്പിൽ | 2(1)/ 23.8.2017 | 15,200/- |
| ചെന്ത്രാപ്പിന്നി ഹൈസ്കൂൾ റോഡ് പരിസരത്ത് ഡ്രൈനേജ് നിർമ്മാണം | അബ്ദുൾ ഗഫൂർ | 6/ 6.5.17 | 36500/- |
| ചുല്ലൂർചിറ, പൈനൂർ ചിറ മത്സ്യ ലേലം | സി.ആർ സുമേഷ് | 15/ 24.1.2018 | 60,000/- |
| നേതാജി റോഡിൽ കാന നിർമ്മാണം | കരാറുകാരൻ (മണ്ണ് കളവു പോയതിനാൽ) | 14/ 23.9.2017 | 8000/- |

മുകളിൽ വിവരിച്ച ലേലങ്ങളിൽ ലേലം എറ്റെടുത്തയാളുമായി കരാറിലേർപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 8/28.11.18 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ജി.എസ്.ടി., ഐ.ടി. എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ട് - കളക്ഷൻ ചാർജ് തനതു വരുമാനമാക്കാവുന്നതാണ്

1996-ലെ കേരള ബിൽഡിങ്ങ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി ഈടാക്കിയ തുക, കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയ തുക, തനത് ഫണ്ടിലേക്ക് അടവാക്കിയ തുക എന്നിവയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം ഉറപ്പാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-6 വസ്തുനികുതി പരിശോധനയിൽ കണ്ട അപാകതകൾ

2017-2018 സാമ്പത്തിക വർഷം ലൈഫ് പദ്ധതി നം. 93/18 (ജനറൽ), നം. 89/18 (എസ്.സി.) എന്നീ പദ്ധതികളിലൂടെ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം നടത്തിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്ന ഭവനങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുകയോ, കെട്ടിടനമ്പർ അനുവദിക്കുകയോ ചെയ്തിട്ടില്ല (28.12.18 ൽ സഞ്ചയ പരിശോധിച്ചതു പ്രകാരം). 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതി സേവന ഉപനികുതി സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം കെട്ടിടങ്ങളുടെ നികുതി നിർണ്ണയം നടത്തേണ്ടതാണ്.

| ഗുണഭോക്താവ് | വാർഡ് നമ്പർ |
|---|---|
| കുമുദാഭായ്, ചെറുമുള്ളങ്ങാട്ട് തയ്യിൽ | 5 |
| ലിഷോയ്, ചക്കംകണ്ടത്ത് | 3 |

| | |
|---|---|
| മാധവി, തുപ്രാടൻ | 4 |
| മണി അശോകൻ | 5 |
| ജയൻ, തട്ടാരുപുരയ്ക്കൽ | 14 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പൂർത്തീകരിച്ച ഭവനങ്ങളുടെ നികുതി നിർണ്ണയം നടത്തേണ്ടതുമാണ്.

2. വസ്തു നികുതി നിർണ്ണയ സോഫ്റ്റ് വെയറായ സഞ്ചയ പ്രകാരം ഒരേ ഗുണഭോക്താവിന്റെ 2 കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കി കാണുന്നു. സ.ഉ.(എം.എസ്.) നം.358/15/ത.സ്വ.ഭ.വ. തി.16.12.15 പ്രകാരം 600$m^2$ താഴെ സ്വന്തം പേരിൽ, സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തെ മാത്രമേ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കാൻ വ്യവസ്ഥയുള്ളൂ.

| ഗുണഭോക്താവ് | കെട്ടിട നമ്പർ | വസ്തുനികുതി വിവരം |
|---|---|---|
| ജാനകി വാസു, കോഴിത്തറയിൽ | 2/273 (27 ച.മി), 2/469 (40 ച.മീ.) | രണ്ട് കെട്ടിടങ്ങൾക്കും നികുതി ഇല്ല |
| ഇബ്രാഹിം, പുതിയ വീട്ടിൽ | 1/32 (37.17 ച.മീ.), 1/464 (35 ച.മി) | രണ്ട് കെട്ടിടങ്ങൾക്കും നികുതി ഇല്ല |

പാർപ്പിടാവശ്യത്തിനുള്ള രണ്ട് കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

3. വീട് പുനരുദ്ധാരണം - പദ്ധതി നമ്പർ 75/18, 76/18 പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ കെട്ടിടവിവരങ്ങൾ സഞ്ചയയിൽ ലഭ്യമായില്ല.

| ഗുണഭോക്താവ് | വാർഡ് നമ്പർ |
|---|---|
| ഗീത രാമകൃഷ്ണൻ, ചുള്ളിപ്പറമ്പിൽ | 4 |
| റസീന സലീം, കരുവത്തിൽ | 17 |
| വിശാലാക്ഷി, മാമ്പുള്ളി | 17 |

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ടി കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം നടത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി ചെലവ് സുലേഖ ചെലവ് സ്റ്റേറ്റ്മെന്റുമായി വ്യത്യാസപ്പെടുന്നു

പ്രൊജക്ട് - 97/18 സ്വാന്തന പരിചരണ പദ്ധതി

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയുടെ അടങ്കൽ വികസന ഫണ്ട് ജനറൽ, ബ്ലോക്ക്

വിഹിതം, ജില്ലാപഞ്ചായത്ത് വിഹിതം എന്നിവ ഉൾപ്പെടെ (2,00,000 രൂപ വീതം) ആകെ 6,00,000 രൂപയാണ്. സുലേഖ സ്റ്റേറ്റുമെന്റ് പ്രകാരം പദ്ധതി ചെലവ് 5,00,000 (200000 (വികസനഫണ്ട്), 100000 (ബ്ലോക്ക് പഞ്ചായത്ത്), 200000 (ജില്ലാപഞ്ചായത്ത്) രൂപയെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ മെഡിക്കൽ ഓഫീസർ ഹാജരാക്കിയ ചെലവ് രേഖകൾ പ്രകാരം ആകെ പദ്ധതി ചെലവ് 519157/- രൂപയാണ്.

ട്രഷറി TSB ചെക്ക് നമ്പർ 232592 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 19157 രൂപ (ബ്ലോക്ക് വിഹിതം) 13.03.18-ന് മെഡിക്കൽ ഓഫീസർ പി.എച്ച്.സി.ക്ക് നൽകിയിട്ടുണ്ട്. ടി തുക ഹോണറേറിയം, വാഹന വാടക ഇനത്തിൽ മെഡിക്കൽ ഓഫീസർ ചെലവഴിച്ചിട്ടുമുണ്ട്.

പദ്ധതി ചെലവ് തുക സുലേഖ സ്റ്റേറ്റുമെന്റുമായി വ്യത്യാസപ്പെടുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/ ) സാംഖ്യ വെബിൽ പ്രസ്തുത തുക പേയ്മെന്റാക്കി സുലേഖ സോഫ്റ്റ്‌വെയറിലേക്ക് സിങ്കണൈസ് ചെയ്തുവെങ്കിലും സുലേഖയിൽ പേയ്മെന്റായില്ല എന്നും മേൽ നടപടികൾക്കായി Information Kerala Mission ലേക്ക് പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നുമാണ് മറുപടി ലഭിച്ചത്. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 സ്ഥാപനം ലഭ്യമാക്കിയ ബില്ലിൽ ടാക്സ് തെറ്റായി ഈടാക്കി

പ്രൊജക്ട്- 179/18 ഫർണ്ണീച്ചറും ഉപകരണങ്ങളും വാങ്ങൽ

അടങ്കൽ –96210

ചെലവ് –24758+14142

ബിൽ 11/17-18/28.03.18 –24728
1/18-19/23.6.18 – 14142

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ Dr Cool Home Solution എന്ന സ്ഥാപനത്തിൽ നിന്ന് പി.എച്ച്.സി , ചാമക്കാലയിലേക്ക് 38900/- രൂപ വില മതിക്കുന്ന വോൾട്ടാസ് 1 ടൺ എ.സി വാങ്ങിയിട്ടുണ്ട്( 14142 രൂപ 23.6.18 ന് ബിൽ നമ്പർ 1/18-19 ആയി നൽകി). എന്നാൽ സ്ഥാപനം ഹാജരാക്കിയ ബില്ലിൽ ടാക്സ് കണക്കാക്കിയതിൽ താഴെ പറയും പ്രകാരം വ്യത്യാസം കാണുന്നു.

| ഇന വിവരം | തുക | CGST+SGST | ഈടാക്കേണ്ടത് | ടാക്സ് കണക്കാക്കിയിരിക്കുന്ന തുക | ഈടാക്കിയത് |
|---|---|---|---|---|---|
| വോൾട്ടാസ് എ.സി. | 24218.75 | 14%+14% | 6781.26 | 24218.75 | 6781.26 |
| വി ഗാർഡ് സ്റ്റബിലൈസർ | 1864.4 | 9%+9% | 335.60 | 1864.4 | 335.60 |
| സ്റ്റാന്റ് | 847.44 | 9%+9% | 152.53 | 1864.39 | 335.60 |
| സർവ്വീസ് ചാർജ് | 2966.10 | 9%+9% | 533.89 | 2966.10 | 533.89 |
| ഇൻസ്റ്റലേഷൻ ചാർജ് | 1016.95 | - | | 1016.95 | |
| ആകെ | 30913.64 | | 7803.28 | | 7986.35 |

മേൽ ബിൽ പ്രകാരം 183 രൂപ അധിക തുക ഈടാക്കിയിട്ടുണ്ട്. ബില്ലുകളുടെ കൃത്യത ഉറപ്പാക്കി ചെലവ് അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ഹോംകോയിൽ നിന്നും മരുന്ന് വാങ്ങുമ്പോൾ മരുന്നിന് നൽകിയ തുകയിൽ നിന്നും ഫ്രൈറ്റ് ചാർജ് ഈടാക്കുന്നു

പി.എച്ച്.സി. മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ 163/17-18, ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ, 330000/- രൂപ ബിൽ നമ്പർ-5/17-18/31.10.2017 പ്രകാരം മാറി ഹോംകോയ്ക്ക് നൽകുകയും, 22/2/18, 10.8.2018 തീയതികളിൽ മരുന്ന് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുകയിൽ നിന്നും ആകെ 11436/- രൂപ ഫ്രൈറ്റ് ചാർജ് ഇടാക്കിയതായി കാണുന്നു. എന്നാൽ ആയുർവേദ മരുന്ന് നൽകുന്ന ഔഷധി തുടങ്ങിയ സ്ഥാപനങ്ങൾ ഇത്തരത്തിൽ ഫ്രൈറ്റ് ചാർജ് ഈടാക്കുന്നില്ല. മരുന്നു വാങ്ങുന്നതിന് വകയിരുത്തുന്ന തുകയിൽ നിന്നും ചരക്ക് കൂലി ഈടാക്കുന്നതിനാൽ മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമാകുന്നില്ല. ആയതിനാൽ ഹോംകോയുമായി മരുന്ന് ലഭ്യമാക്കുന്നത് സംബന്ധിച്ച് കരാറിൽ ഏർപ്പെട്ട് മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-4 മാർഗനിർദ്ദേശത്തിനു വിരുദ്ധമായി തുക ചെലവഴിച്ചു.

പ്രൊജക്ട് നമ്പർ 148/18, സ്കൂളുകളിലേക്ക് പഠനോപകരണങ്ങൾ നൽകൽ

അടങ്കൽ - 145000

ചെലവ്

വികസനഫണ്ട് 90000, ബിൽ നമ്പർ 6/17-18/31.3.18

മെയിന്റനൻസ് ഫണ്ട് (റോഡിതരം) 11428, ബിൽ നമ്പർ 7/17-18/31.3.18

പ്രധാനാധ്യാപിക നിർവ്വഹണോദ്യോഗസ്ഥയായ മേൽ പദ്ധതി പ്രകാരം ഗവ.എൽ.പി. സ്കൂൾ പെരുമ്പടപ്പ്, ഗ്രാമപഞ്ചായത്തിലെ മറ്റ് 14 എയ്ഡഡ് സ്കൂളുകൾ എന്നിവിടങ്ങളിലേക്ക് പഠനോപകരണങ്ങൾ (ലബോറട്ടറി ഉപകരണങ്ങൾ, മാപ്പ്, ചാർട്ട്) വാങ്ങി വിതരണം ചെയ്യുകയാണ് നടത്തിയിട്ടുള്ളത്.

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ സ്കൂളുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ പണം വിനിയോഗിക്കേണ്ടത്. സർക്കാർ സ്കൂളുകളുടെ ആവശ്യങ്ങൾക്കുശേഷം എയ്ഡഡ് സ്കൂളുകളിലെ കുടിവെള്ളം, ശുചിത്വം എന്നിവയുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ മാത്രം ഏറ്റെടുക്കുന്നതിനാണ് നിലവിൽ നിർദ്ദേശമുള്ളത് (ജി.ഒ (എം.എസ്) 72/2017/ തസ്വഭവ/തി.29.3.17). റോഡിതര സംരക്ഷണ ഗ്രാന്റ് കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ വികസനത്തിന് വിനിയോഗിക്കാമെന്നിരിക്കെ എയ്ഡഡ് സ്കൂളുകളുടെ വികസനത്തിന് വിനിയോഗിച്ചത് ഉചിതമല്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 വികസന സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന വിഷയമേഖലകളിലെ പദ്ധതിനിർവ്വഹണം-ഒരു അവലോകനം

പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 2017-18 സാമ്പത്തിക വർഷത്തിൽ 17 യോഗങ്ങൾ കൂടിയിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വളരെ പ്രധാനപ്പെട്ട ഉത്തരവാദിത്തങ്ങളാണ് സ്റ്റാന്റിങ്ങ് കമ്മിറ്റികളിൽ ഭരമേൽപ്പിച്ചിരിക്കുന്നത്. ഓരോ സ്റ്റാന്റിങ്ങ് കമ്മിറ്റിക്കും ചുമതലയുള്ള ഘടക സ്ഥാപനങ്ങളിലെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും ജനോപകാരപ്രദമായി അവ പ്രവർത്തിപ്പിക്കുന്നതിനും സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെ ഫലപ്രദമായ ഇടപെടൽ അനിവാര്യമാണ്.

2017-18 സാമ്പത്തിക വർഷത്തിൽ വികസന സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന വിവിധ വിഷയമേഖലകളിലെ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ ഒരു നേർ ചിത്രം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | % | ആസൂത്രണം ചെയ്ത പദ്ധതികളുടെ അടങ്കൽ | നടപ്പാക്കിയ പദ്ധതികൾക്ക് ചെലവഴിച്ച തുക | % |
|---|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | 102 | 49 | 48 | 3,61,12,379 | 1,42,51,274 | 39.50 |
| കൃഷി ഓഫീസർ | 8 | 6 | 75 | 15,57,000 | 8,83,200 | 56.72 |
| വെറ്ററിനറി സർജൻ | 8 | 6 | 75 | 62,56,098 | 13,21,500 | 21 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 3 | 0 | 0 | 5,77,400 | 0 | 0 |
| ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 1 | 100 | 4,00,000 | 3,99,999 | 100 |

മേൽ കൊടുത്ത പട്ടിക ഒരു സൂചകമായി എടുക്കുകയാണെങ്കിൽ എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ പദ്ധതികളുടെ ആസൂത്രണം മുതൽ നിർവ്വഹണം വരെയുള്ള വികസന സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ പ്രവർത്തനത്തിൽ ഏറെ മെച്ചപ്പെടുത്തൽ ആവശ്യമാണെന്ന് കാണുന്നു. പ്രായോഗികമായ പദ്ധതികൾ ആസൂത്രണം ചെയ്യുകയും അത് നിർവ്വഹണതലത്തിൽ എത്തിക്കുന്നതിനുമാവശ്യമായ ജാഗ്രതയുടെ അഭാവം മേൽ പട്ടികയിൽ നിന്നും സ്പഷ്ടമാണ്.

സ്പിൽ ഓവറായ ഒരു പദ്ധതിയടക്കം 3 പദ്ധതികൾ ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണോദ്യോഗസ്ഥനായി ഈ സാമ്പത്തികവർഷത്തിൽ ആസൂത്രണം ചെയ്തിരുന്നുവെങ്കിലും പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. 13-ാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 6.8(2) പ്രകാരം സ്പിൽ ഓവർ പ്രൊജക്റ്റുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തിയാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണോദ്യോഗസ്ഥനായ പ്രൊജക്റ്റുകളിൽ ഈ സർക്കാർ നിർദ്ദേശം അനുവർത്തിച്ചതായി കാണുന്നില്ല. മറ്റ് നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിലുണ്ടായ കുറവ് വരും വർഷങ്ങളിൽ ആവർത്തിക്കാതിരിക്കുന്നതിനാവശ്യമായ നടപടികൾ സ്റ്റാന്റിങ്ങ് കമ്മിറ്റി തലത്തിൽ എടുക്കേണ്ടതാണ്.

അതാത് വിഷയമേഖലകളിലെ വർക്കിങ്ങ് ഗ്രൂപ്പുകൾ തയ്യാറാക്കുകയും ഗ്രാമസഭകളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുന്ന കരട് പ്രൊജക്റ്റ് നിർദ്ദേശങ്ങളാണ് അന്തിമ പദ്ധതികളായി മാറുന്നതെന്നിരിക്കെ സാമ്പത്തിക വർഷത്തിന്റെ അവസാനപാദത്തിൽ പദ്ധതികൾ രൂപീകരിച്ച് അതിനാവശ്യമായ ഫണ്ട് വകയിരുത്തുന്നത് പഞ്ചായത്തിന് ലഭിക്കുന്ന പരിമിതമായ വിഭവങ്ങൾ പാഴായി പോകുന്നതിന് ഇട വരുത്തുന്നുണ്ട്. ഉദാഹരണത്തിന് വികസനസ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 23.01.18-ലെ 8-ാം നമ്പർ തീരുമാനപ്രകാരം പുതിയതായി 4 പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഈ 4 പദ്ധതികളിൽ ഉൾപ്പെടുന്നതും 1,32,750 രൂപ അടങ്കലുള്ളതുമായ '*സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി*' എന്ന പദ്ധതി 2017-18 വർഷത്തിൽ നടപ്പാക്കിയിട്ടില്ല. കൂടാതെ ആട്ടുവളർത്തൽ (പ.ജാതി - so 209/18) എന്ന പദ്ധതിക്ക് 3,36,000 രൂപയാണ് അടങ്കലെങ്കിലും ചെലവഴിച്ചത് 96,000 രൂപ മാത്രമാണ്. പദ്ധതിയുടെ ചെലവ് കേവലം 29% ആയതിന്റെ കാരണം പദ്ധതിയുടെ പ്രായോഗികതയെപ്പറ്റിയുള്ള ശരിയായ പഠനത്തിന്റെ കുറവാണോയെന്ന് പരിശോധിക്കുയും അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികളെടുക്കുകയും ചെയ്യേണ്ടതാണ്.

## 3-6 അങ്കണവാടിക്ക് സ്ഥലംവാങ്ങൽ - ചട്ടങ്ങളിലെ നിയമനിഷ്കർഷ പാലിച്ചില്ല

അടങ്കൽ തുക 8,30,000 രൂപയായി പഞ്ചായത്തിലെ 3, 16 എന്നീ വാർഡുകളിലുള്ള അങ്കണവാടികൾക്ക് സ്ഥലം വാങ്ങുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയിൽ (SOO-74/18) ട്രഷറി ബിൽ 41/28.02.18 പ്രകാരം 4,97,510 രൂപ 2017-18 സാമ്പത്തികവർഷത്തിൽ ചെലവ് വന്നിട്ടുണ്ട്. ഇതിൽ 4.50 ലക്ഷം രൂപ (1,50,000 x 3) വാർഡ് 3-ൽ അങ്കണവാടിക്ക് സ്ഥലം വാങ്ങിയതിന് സ്ഥലമുടമയായ പ്രശോഭിതൻ, മുനപ്പിൽ വീട്, എടത്തിരുത്തി എന്ന വ്യക്തിക്ക് 3 സെന്റ് ഭൂമിയുടെ വിലയായി നൽകിയതാണ്.

2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 5(സി) പ്രകാരം ആർജ്ജിക്കാൻ ഉദ്ദേശിക്കുന്ന വസ്തുവിന് നൽകുന്ന വില ബന്ധപ്പെട്ട തഹസിൽദാർ/ജില്ലാ കളക്ടർ രേഖാമൂലം നിശ്ചയിക്കുന്ന വിലയിൽ കവിയുന്നില്ലെന്ന് ഉറപ്പ് വരുത്തണം. എന്നാൽ 13.07.17-ലെ സെക്രട്ടറിയുടെ എ2-5103/17 നമ്പർ കത്ത് പ്രകാരം വാല്യുവേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ചുതരണമെന്ന് എടത്തിരുത്തി വില്ലേജ് ഓഫീസറോട് ആവശ്യപ്പെടുകയും സെന്റിന് 1.50 ലക്ഷം രൂപയായി വിലനിർണ്ണയം നടത്തി സാക്ഷ്യപത്രം നൽകുകയും ചെയ്തിട്ടുണ്ട്. ചട്ടങ്ങളിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തഹസിൽദാർ/ജില്ലാ കളക്ടർ എന്നിവരിൽ നിന്നും വിലനിർണ്ണയ സാക്ഷ്യപത്രം വാങ്ങാതെ വില്ലേജ് ഓഫീസറിൽനിന്നും വിലനിർണ്ണയ സാക്ഷ്യപത്രം വാങ്ങുകയും സ്ഥലമുടമക്ക് തുക നൽകുകയും ചെയ്തതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 3) നൽകിയതിന് തൃപ്തികരമായ മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 4,97,510 രൂപ കൂടുതൽ വിശദീകരണങ്ങൾക്കായി തടസ്സത്തിൽ വെക്കുന്നു.

## 3-7 രജിസ്റ്ററുകളുടെ പരിപാലനം

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 150-ൽ ഫർണ്ണിച്ചറിനും, പുസ്തകങ്ങൾ, ഫാറങ്ങൾ, സ്റ്റേഷനറി എന്നിവക്കും പ്രത്യേകമായി സ്റ്റോക്ക് എക്കൗണ്ട് സൂക്ഷിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ആർട്ടിക്കിൾ 149(1)-ൽ ഓഫീസ് തലവനോ ചുമതലപ്പെട്ട മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ സ്റ്റോറുകൾ ഭദ്രമായും സ്റ്റോക്ക് അക്കൗണ്ട് കൃത്യമായും സൂക്ഷിക്കേണ്ടതാണെന്ന് അനുശാസിക്കുന്നു. എടത്തിരുത്തി ഗ്രാമപഞ്ചായത്തിൽ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിരിക്കുന്നത് സർക്കാർ നിർദ്ദേശപ്രകാരമല്ല. ഓരോ ഇനത്തിനും പ്രത്യേകം സ്റ്റോക്ക് പുസ്തകങ്ങളോ പേജുകളോ നീക്കിവെക്കാതെ വാങ്ങുന്നതിന്റെ കാലക്രമം അനുസരിച്ച് ഒരു പുസ്തകത്തിൽത്തന്നെ രേഖപ്പെടുത്തുന്നതായാണ് കാണുന്നത്. കൂടാതെ ടെണ്ടർ ഫോറങ്ങളുടെ സ്റ്റോക്ക് കൃത്യമായി എഴുതി സൂക്ഷിക്കുന്നതായി കാണുന്നില്ല. അധികൃതരുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-8 കരാറുകാരുടെ ബഹിഷ്കരണം, പങ്കാളിത്തക്കുറവ്-പ്രവൃത്തി നിർവഹണക്കുറവ്

സാമ്പത്തികവർഷം കരാറുകാരുടെ ബഹിഷ്കരണം, പങ്കാളിത്തക്കുറവ് എന്നിവ നിമിത്തം മരാമത്ത് പദ്ധതി നിർവഹണത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. 83 പ്രൊജക്ടുകൾ ആവിഷ്കരിച്ചതിൽ 43 പ്രൊജക്ടുകൾക്കാണ് തുക ചെലവഴിക്കാൻ കഴിഞ്ഞത്. (51.80%)

## 3-9 2016-17ലെ എട്ട് മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് 2016 -17ൽ ആവിഷ്കരിച്ച എട്ട് മരാമത്ത് പണികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ശ്രീ.ഇ.എൻ.ഉണ്ണികൃഷ്ണൻ എന്ന കരാറുകാരനാണ് ഈ പ്രവൃത്തികളെല്ലാം ഏറ്റെടുത്തിട്ടുള്ളത്. അവ ചെയ്ത് തീർക്കുവാനായി കത്തയച്ചതിന്റെയും അവ കൈപ്പറ്റിയതിന്റെയും വിവരം ഫയലിലുണ്ട്. 2018-19 സാമ്പത്തിക വർഷം ഈ പ്രവൃത്തികളെല്ലാം പൂർത്തിയാക്കാമെന്ന് കരാറുകാരൻ രേഖാമൂലം ഉറപ്പ് നൽകിയിട്ടുണ്ട്. സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പിഴ ഈടാക്കുമെന്ന് ഏറ്റവും ഒടുവിലയച്ച കത്തിൽ അസിസ്റ്റന്റ് എൻജിനീയർ സൂചിപ്പിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ട അഭിപ്രായങ്ങൾ താഴെ കൊടുക്കുന്നു.

1. കരാറിലെ ആറാം നിബന്ധനയനുസരിച്ച് സ്ഥലം കൈമാറി പത്ത് ദിവസത്തിനുള്ളിൽ പ്രവൃത്തി

ആരംഭിക്കുമെന്നാണ്. പക്ഷെ സ്ഥലം കൈമാറിയതിന്റെ രേഖ ഫയലിലില്ലാത്തത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 23/ 30/11/18) ആയതിന്റെ പകർപ്പ് വാങ്ങി ഫയലിൽ സൂക്ഷിയ്ക്കാമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

2. റോഡ് പ്രവൃത്തികൾ സമയബന്ധിതമായി ചെയ്താലെ അവ കുറ്റമറ്റ രീതിയിൽ നിർവഹിക്കാൻ കഴിയൂ. സമയം വൈകുംതോറും പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പേതന്നെ പ്രവൃത്തിസ്ഥലങ്ങളിൽ കൂടുതൽ തകരാറുകൾ വരുന്നതാണ്. ആയതിനാൽ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറക്ക് കരാറുകാരന് തുക അനുവദിക്കും മുമ്പേ അവയുടെ കുറ്റമറ്റ രീതിയിലുള്ള നിർവഹണം ഉറപ്പുവരുത്തണമെന്നുള്ള 30/11/18-ലെ 23 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ആയത് തൃപ്തികരമെങ്കിൽ മാത്രമേ പിഴയോടു കൂടിയും തുക അനുവദിയ്ക്കൂ എന്ന നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി ഏറെ സ്വാഗതാർഹമാണ്.

പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ, പ്രവൃത്തി | അടങ്കൽ | കരാർ |
|---|---|---|---|
| 1 | 55/17, പി.പി.എം. റോഡ് മെറ്റലിങ് | 200000 | 46/AE/LSGD/ 16-17/24/3/17 |
| 2 | 91/17 ഓൾഡ് പോസ്റ്റ് ഓഫീസ് റോഡ് റീടാറിങ് | 300000 | 35/AE/LSGD/ 16-17/24/3/17 |
| 3 | 109/17 സുനാമി കോളനി റോഡ് മെറ്റലിങ് ടാറിങ് | 355000 | 40/AE/LSGD/ 16-17/24/3/17 |
| 4 | 150/17 ജനപ്രിയ കരുവാംപടി റോഡ് ടി | 556000 | 53/AE/LSGD/ 16-17/24/3/17 |
| 5 | 80/17 അയ്യപ്പൻകാവ് ലിങ്ക് റോഡ് മെറ്റലിങ് ടാറിങ് | 665000 | 52/AE/LSGD/ 16-17/24/3/17 |
| 6 | 95/17 ഇന്ദിരാജി റോഡ് മെറ്റലിങ് ടാറിങ് കാന പൂർത്തീകരണം | 660000 | 33/AE/LSGD/ 16-17/4/3/17 |
| 7 | 96/17 എസ്.എൻ. റോഡ് മെയിന്റനൻസ് | 200000 | 47/AE/LSGD/ 16-17/24/3/17 |
| 8 | 58/17 മണ്ടത്ര റോഡ് സെക്കന്റ് മെറ്റലിങ് | 400000 | 55/AE/LSGD/ 16-17/24/3/17 |

## 3-10 ആശ്രയ പദ്ധതി-കരാർ-ഫോട്ടോ ഫയലിൽ സൂക്ഷിക്കേണ്ടതാണ്

നിർവ്വഹണം -അസിസ്റ്റന്റ് സെക്രട്ടറി
ചെലവ് വിവരങ്ങൾ:-

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റ് | ചെലവ് | | |
|---|---|---|---|---|---|
| | | | ബിൽ നമ്പർ | തീയ്യതി | തുക |
| 1 | 86/2018 | ആശ്രയ പദ്ധതി | 28 | 20.03.2017 | 1,20,000 |
| | | | 10/17-18 | 28.09.2017 | 90,000 |
| | | | 35/17-18 | 13.03.2018 | 90,000 |
| | | | 41/17-18 | 31.03.2018 | 30,000 |
| | | | ആകെ | | 3,30,000 |

3.10.1 സ്പിൽ ഓവർ ആയി നടപ്പാക്കിയ ഈ പ്രോജക്റ്റിലെ ഗുണഭോക്താവായ ശ്രീമതി ലീല പാറക്കൽ-ന് ആകെ 3,30,000 രൂപ ധനസഹായമായി നൽകി, വീട് പണി പൂർത്തീകരിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നു. എന്നാൽ ഗുണഭോക്താവുമായി കരാറിൽ ഏർപ്പെടാതെയാണ് തുക നൽകിയിരിക്കുന്നത്.

3.10.2 പൂർത്തീകരിച്ച ഭവനത്തിന്റെ ഫോട്ടോ ഹാജരാക്കിയിട്ടില്ല.
ഗുണഭോക്താവുമായി കരാറിലേർപ്പെടേണ്ടതും പൂർത്തിയായ ഭവനത്തിന്റെ ഫോട്ടോ ലഭ്യമാക്കേണ്ടതും ഇവ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി 13 തീ.29/11/2018)

## 3-11 ഹരിതകേരളം പദ്ധതി (തുണി സഞ്ചി വിതരണം)-മാർഗരേഖയ്ക്ക് വിരുദ്ധം-വിതരണ രേഖകളില്ല - ചെലവ് തുക 4,02,500 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് -ഹരിതകേരളം പദ്ധതി (തുണി സഞ്ചി വിതരണം)
ചെലവ് തുക -402500 (ധനകാര്യകമ്മീഷൻ അവാർഡ്)
നിർവ്വഹണം-വി.ഇ.ഒ. (ചെന്ത്രാപ്പിന്നി)

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റ് | ചെലവ് | | |
|---|---|---|---|---|---|
| | | | ബിൽ നമ്പർ | തീയ്യതി | തുക |
| 1. | 94/18 | ഹരിതകേരളം പദ്ധതി (തുണി സഞ്ചി വിതരണം) | 39 | 28.03.2018 | 4,02,500 |

3.11.1 അംഗീകരിക്കപ്പെട്ട പ്രോജക്റ്റ് പ്രകാരം സേവന മേഖലയിൽ ശുചിത്വം, മാലിന്യസംസ്കരണം എന്ന ഉപമേഖലയിൽ ശുചിത്വം എന്ന സൂക്ഷ്മമേഖല കോഡിൽ ആണ് ഈ പ്രോജക്റ്റ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പദ്ധതി മാർഗരേഖ, സബ്സിഡി മാർഗരേഖ എന്നിവ പ്രകാരമോ മറ്റ് ഏതെങ്കിലും സർക്കാർ ഉത്തരവ് പ്രകാരമോ ഈ മേഖലകളിലോ മറ്റിനങ്ങളിലോ തുണിസഞ്ചി സൗജന്യമായി വിതരണം ചെയ്യുന്നതിന് പ്രോജക്റ്റ് തയ്യാറാക്കുന്നതിന് അനുവദിച്ചതായി കാണുന്നില്ല. മാത്രമല്ല സർക്കാരിൽ നിന്നും മുൻകൂർ അനുമതി ലഭ്യമാക്കിയിട്ടുമില്ല. ആയതിനാൽ സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കുന്നതുവരെ ഈ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
3.11.2 മേൽ പ്രോജക്റ്റ് പ്രകാരം 9150 എണ്ണം തുണി സഞ്ചികൾ 44 രൂപ നിരക്കിൽ, ടെണ്ടർ നടപടികളിലൂടെയും തുടർന്ന് വില നെഗോഷ്യേറ്റ് ചെയ്തതിനും ശേഷവും, പണിക്കശ്ശേരി ഏജൻസീസ്, പെരിങ്ങോട്ടുകര എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങുകയും ഇവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പഞ്ചായത്തിലെ വാർഡ് മെമ്പർമാർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. വാർഡ് മെമ്പർമാരിൽ നിന്നും കുടുംബശ്രീ യൂണിറ്റുകൾ ഇവ കൈപ്പറ്റി പഞ്ചായത്തിലെ കുടുംബങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്തതായി നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ടെങ്കിലും അപ്രകാരം ഈ തുണി സഞ്ചികൾ എല്ലാ ഭവനങ്ങളിലേയ്ക്കും എത്തിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
3.11.1, 3.11.2 എന്നീ ഉപഖണ്ഡികകളിൽ പരാമർശിച്ച പ്രകാരം സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങുന്നതു വരെയും വിതരണ രേഖകൾ ഹാജരാക്കുന്നതു വരെയും ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി 15 തീ 29/11/2018)

## 3-12 വീട് റിപ്പയറിംഗിന് നൽകിയ മുൻകൂർ തുക തിരികെ- സഞ്ചിതനിധിയിലേക്ക് അടവാക്കിയില്ല

വി.ഇ.ഒ (എടത്തിരുത്തി) നടപ്പാക്കിയ "75/18 വീട് വാസയോഗ്യമാക്കൽ " പ്രോജക്റ്റിലെ ഗുണഭോക്താവായ ശ്രീമതി കമലാക്ഷി പുളിക്കൽ മുൻകൂർ തുക 25,000 രൂപ കൈപ്പറ്റിയ ശേഷം വീട് നവീകരണം നടത്താത്തതിനാൽ മുൻകൂർ ലഭിച്ച 25,000 രൂപ 750 രൂപ പലിശ സഹിതം രസീത് നമ്പർ 118010100197 തീയ്യതി.12/4/18 ആയി പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. ഈ തുക " Deposit from others "എന്ന ശീർഷകത്തിൽ ബുക്ക് ചെയ്യുകയും കാട്ടൂർ സർവ്വീസ് സഹകരണ ബാങ്കിൽ തനത് ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. വികസന ഫണ്ടിൽ നിന്നുള്ള ചെലവ് തുക തിരിച്ചടവായതിനാൽ ഈ തുക സർക്കാർ ഉത്തരവ് 177/06 ഫിൻ തീ.12.04.2006 ഖണ്ഡിക 10.3 പ്രകാരം സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചടക്കേണ്ടതും ചലാൻ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി 16 തീ.29/11/2018)

## 3-13 ലൈഫ് പദ്ധതി -ഗുണഭോക്താക്കളുടെയും പൂർത്തീകരിച്ച ഭവനങ്ങളുടെയും ഫോട്ടോ ഫയലിൽ സൂക്ഷിക്കേണ്ടതാണ്

പ്രോജക്റ്റ് 89/18- ലൈഫ് പദ്ധതി
നിർവ്വഹണം-വി.ഇ.ഒ. (എടത്തിരുത്തി)

ആകെ ചെലവ് -7,24,000

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റ് | ചെലവ് | | |
|---|---|---|---|---|---|
| | | | ബിൽ നമ്പർ | തീയ്യതി | തുക |
| 1 | 89/18 | ലൈഫ് പദ്ധതി | 8 | 5/1/18 | 2,00,000 |
| | | | 11 | 11/1/18 | 50,000 |
| | | | 24 | 12/3/18 | 2,00,000 |
| | | | 28 | 16/3/18 | 1,20,000 |
| | | | 32 | 28/3/18 | 84,000 |
| | | | 25 | 12/3/18 | 70,000 |
| | | | | | 7,24,000 |

ലൈഫ് പദ്ധതി പ്രകാരം 5 ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ സന്തോഷ് തേക്കാപുരക്കൽ, മണി പേരത്ത്, ജയൻ തട്ടാപുരക്കൽ എന്നീ ഗുണഭോക്താക്കളുടെ ഫോട്ടോ, പൂർത്തീകരിച്ച ഭവനങ്ങളുടെ ഫോട്ടോ ഫയലിലോ രജിസ്റ്ററിലോ സൂക്ഷിച്ചിട്ടില്ല. ആയത് ലഭ്യമാക്കി സൂക്ഷിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 14 തീ.29/11/2018)

## 3-14 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ പ്രവൃത്തികൾ- ടെണ്ടർ നടപടികളുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല- 339720.93 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ ചേർത്തിരിക്കുന്ന പ്രവൃത്തികൾക്ക് മെറ്റീരിയൽ വാങ്ങിയതിന്റെ വിവരങ്ങൾ അവയ്ക്ക് നേരെ ചേർക്കുന്നു. എന്നാൽ ഈ മെറ്റീരിയൽസ് വാങ്ങിയതിന്റെ

ടെണ്ടർ നോട്ടീസ്, പരസ്യം, ടെണ്ടർ സ്വീകരണം, ടാബുലേഷൻ, എഗ്രിമെന്റ്, സെക്യൂരിറ്റി ഡെപ്പോസിറ്റ്, എഗ്രിമെന്റ്, സപ്ലൈ ഓർഡർ, ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ, തുക നൽകിയതിന്റെ വിവരങ്ങൾ, ഇ.എം.ഡി. എന്നിവയുടെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല. ഈ രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതു് വരെ മെറ്റിരിയൽസ് ഇനത്തിൽ ചെലവഴിച്ച 339721.00 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 22 തീ 30/11/18) (ജേണൽ വൗച്ചർ നമ്പർ; 41700360 തീ.31/3/2018, 1,15,49,580 രൂപ)

| ക്രമ നം. | പ്രവൃത്തി | ആകെ ചെലവ് | മെറ്റീരിയൽ ചെലവ് | മെറ്റീരിയൽസ് സംബന്ധിച്ച രേഖപ്പെടുത്തൽ ഉള്ള അളവ് പുസ്തകം, പേജ് നമ്പർ |
|---|---|---|---|---|
| 1 | മഠത്തിക്കുളം പുനരുദ്ധാരണവും സൈഡ് സംരക്ഷണവും- വാർഡ് 5 | 1,65,642 | 30,600 (Rubble) | 219/16-17<br>37, 38 |
| 2 | അംഗൻവാടി നിർമ്മാണം -വാർഡ് 4 (പാർട്ട് പേയ്മെന്റ്) | 331545.2 | 44825(Rubble,M-sand,cement)<br>3400(cement)<br>43127(cement,m-sand,steel,sand)<br>28161(steel)<br>24255(Solid block)<br>81695(Cement,m-sand,steel-stone) | 15/17-18<br>6<br>9<br>16<br>38<br>35<br>25 |
| 3 | അംഗൻവാടി നിർമാണം -വാർഡ് 7 (പാർട്ട് പേയ്മെന്റ്) | 126078.3 | 35433.00(cement,M sand,steel,stone)<br>2550(Cement)<br>45675(Rubble,M sand,Cement) | 93/16-17<br>25<br>7<br>9 |
| | | ആകെ | 339721.00 | |

## 3-15 ജാഗ്രത സമിതി ശക്തിപ്പെടുത്തൽ–പരാതിപ്പെട്ടി,സൈൻബോർഡ് എന്നിവ സ്ഥാപിച്ച വിവരങ്ങൾ ഇല്ല-67,500 രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് -193/18 -ജാഗ്രത സമിതി ശക്തിപ്പെടുത്തൽ

നിർവ്വഹണം-ഐ.സി.ഡി.എസ് സൂപ്പർവൈസർ

ചെലവ് വിവരങ്ങൾ

| ക്രമ നമ്പർ | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക |
|---|---|---|---|
| 1 | 10 | 28/3/2018 | 67,500 |

ഈ പ്രോജക്റ്റിന്റെ ഭാഗമായി 2500 രൂപ വിലയുള്ള 18 പരാതിപ്പെട്ടികളും, 1250 രൂപ വിലയുള്ള 18 സൈൻബോർഡുകളും തയ്യാറാക്കുന്നതിനായി മേൽപ്രകാരം 67500 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽ സൈൻബോർഡുകൾ, പരാതിപ്പെട്ടികൾ എന്നിവ സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്റർ എഴുതി എവിടെയൊക്കെ സ്ഥാപിച്ചുവെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഈ പ്രോജക്റ്റ് സംബന്ധിച്ച് മേൽ വിവരങ്ങൾ ലഭ്യമാകുന്ന രീതിയിൽ നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ സാക്ഷ്യപത്രമോ, മോണിറ്ററിംഗ് സമിതി മോണിറ്ററിംഗ് റിപ്പോർട്ടോ തയ്യാറാക്കിയിട്ടില്ല. മേൽ പരാതിപ്പെട്ടികൾ, സൈൻബോർഡുകൾ എന്നിവ എവിടെയെല്ലാം സ്ഥാപിച്ചു എന്നത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുന്നതു വരെ 67,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 19 തീ.30/11/2018)

## 3-16 വൃദ്ധർക്ക് കട്ടിൽ വിതരണം (ജനറൽ)-അപേക്ഷ-വിതരണ രേഖകൾ ഇല്ല-59,715 രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ്- 159/18 വൃദ്ധർക്ക് കട്ടിൽ വിതരണം (ജനറൽ)

നിർവ്വഹണം-ഐ.സി.ഡി.എസ്. സൂപ്പർവൈസർ

ചെലവ് വിവരങ്ങൾ

| ക്രമ നമ്പർ | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | ഇൻവോയ്സ് | തീയ്യതി |
|---|---|---|---|---|---|
| 1 | 8 | 18/3/2018 | 3,46,347 | 22 | 13/3/2018 |
| 2 | 9 | 28/3/2018 | 71,658 | 26 | 20/3/2018 |
| | | | 4,18,005 | | |

മേൽ പ്രോജക്റ്റ് പ്രകാരം 105 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനായി കീർത്തി ഫർണിച്ചർ എടവിലങ്ങ് എന്ന സ്ഥാപനത്തിൽ നിന്ന് 105 കട്ടിലുകൾ വാങ്ങുകയും അതിന്റെ തുക മേൽ പ്രകാരം സ്ഥാപനത്തിന് നല്കുകയും ചെയ്തു. ഈ പ്രോജക്റ്റ് നടപ്പാക്കിയതിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

3.16.1 താഴെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കളുടെ അപേക്ഷ, യോഗ്യത സാക്ഷ്യപത്രങ്ങൾ ഇല്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വിതരണ രജിസ്റ്റർ പ്രകാരം ക്രമനമ്പർ |
|---|---|---|
| 1 | ശ്രീമതി. സൗഭാഗ്യവതി, | 4 |

| | | |
|---|---|---|
| | കൊട്ടക്കൽ | |
| 2 | ശ്രീമതി. കാളിക്കുട്ടി ശങ്കരൻ, കൊല്ലാശ്ശേരി | 29 |
| 3 | ശ്രീമതി. റോസി ജേക്കബ്, തെക്കേക്കര | 82 |
| 4 | ശ്രീമതി. ലീല രത്നാകരൻ, തൈക്കല പറമ്പിൽ | 87 |
| 5 | ശ്രീമതി. ചന്ദ്രമതി വാലത്തറ, ചൂലൂർ | 91 |
| 6 | ശ്രീമതി. ലീല കുട്ടൻ, പറവത്ത് | 99 |
| 7 | ശ്രീമതി. തങ്കം ഗോവിന്ദൻ, കാക്കര | 101 |
| 8 | ശ്രീമതി. ശാന്തകുമാരി, പള്ളത്ത് | 102 |
| 9 | ശ്രീ. ശിവദാസൻ ചൂരപ്പെട്ടി | 103 |
| 10 | ശ്രീമതി. വത്സല, ഭഗവതി പറമ്പിൽ | 104 |
| 11 | ശ്രീ.ശേഖരൻ, കുമ്പളത്ത് പറമ്പിൽ | 97 |

3.16.2 താഴെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കളുടെ പേര് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവർ കൈപ്പറ്റിയതിന് കൈപ്പറ്റ് രസീതോ ഒപ്പോ ഇല്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വിതരണ രജിസ്റ്റർ പ്രകാരം ക്രമനമ്പർ |
|---|---|---|
| 1 | ശ്രീമതി. മാധവി മേനോത്ത് പറമ്പിൽ | 54 |
| 2 | ശ്രീമതി. റോസി ജേക്കബ്, തെക്കേക്കര | 82 |
| 3 | ശ്രീമതി. രാജേശ്വരി താമി മാരാത്ത് | 84 |
| 4 | ശ്രീമതി. ലീല കുട്ടൻ, പറവത്ത് | 99 |
| 5 | ശ്രീമതി. സൈനബ ഹംസ മതിലകത്തു വീട്ടിൽ | 100 |
| 6 | ശ്രീമതി. തങ്കം ഗോവിന്ദൻ, കാക്കര | 101 |
| 7 | ശ്രീമതി. ശാന്തകുമാരി, പള്ളത്ത് | 102 |
| 8 | ശ്രീ. ശിവദാസൻ ചൂരപ്പെട്ടി | 103 |
| 9 | ശ്രീമതി. വത്സല, ഭഗവതി പറമ്പിൽ | 104 |

എന്നാൽ ലഭിച്ച കട്ടിലുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ മേൽ പ്രകാരം 9 എണ്ണം നീക്കിയിരിപ്പ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

3.16.3 വിതരണ രജിസ്റ്റർ പ്രകാരം 105 ഗുണഭോക്താക്കളുടെ പേരുകളാണ് ചേർത്തിട്ടുള്ളത്. അതിൽ, മേൽ സൂചിപ്പിച്ച പ്രകാരം 9 പേർ കട്ടിൽ ലഭിച്ചതായി രേഖപ്പെടുത്തി രജിസ്റ്ററിൽ ഒപ്പ് വച്ചിട്ടില്ല. ഇതിന് പുറമേ വിതരണ രജിസ്റ്ററിൽ ക്രമ നമ്പർ 97, 105 എന്നിവ ആയി ശ്രീ.ശേഖരൻ കുമ്പളത്ത് പറമ്പിൽ എന്ന ഗുണഭോക്താവിന്റെ പേര് രണ്ട് തവണ രേഖപ്പെടുത്തി കൊണ്ടാണ് രജിസ്റ്ററിൽ 105 പേരുടെ എണ്ണം തികച്ചിരിക്കുന്നത്. ആയതിനാൽ 105 കട്ടിലുകൾ വാങ്ങിയെങ്കിലും 95 എണ്ണം വിതരണം ചെയ്ത രേഖകളെ ലഭ്യമായിട്ടുള്ളൂ.(105-1-9)

ഉപഖണ്ഡിക 3.16.1 പ്രകാരം അപേക്ഷകൾ പരിശോധിച്ച് യോഗ്യത ഉറപ്പ് വരുത്താതെ വിതരണം ചെയ്ത 11 കട്ടിലുകളുടെയും (വിതരണ രജിസ്റ്റർ ക്രമ നമ്പർ 4, 29, 82, 87, 91, 97, 99, 101, 102, 103, 104) ഉപഖണ്ഡിക 3.16.2, 3.16.3 എന്നിവ പ്രകാരം വിതരണം ചെയ്തതിന് രേഖകളില്ലാത്ത 4 (3.16.1 പ്രകാരമുള്ള ആവർത്തനം ഒഴിവാക്കിയ ശേഷം) (വിതരണ രജിസ്റ്റർ ക്രമ നമ്പർ 54, 84, 100, 105) കട്ടിലുകളുടെ വിലയും കണക്കാക്കി 59,715 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (418005/105 *15)

(ഓഡിറ്റ് എൻക്വയറി 19 തീ 30/11/2018)

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | സാന്ത്വന പരിചരണ പദ്ധതി | 100000 | 100000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | സാന്ത്വന പരിചരണ പദ്ധതി | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 403000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 403000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 250000 | അംഗൻവാടി പോഷകാഹാര വിതരണ പരിപാടി ജനറൽ | 203634 | 46366 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 250000 | അംഗൻവാടി പോഷകാഹാര വിതരണ പരിപാടി ജനറൽ | 248357 | 1643 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം | 193400 | 6600 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | പാലിന് സബ്സിഡി | 299999 | 1 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | തണൽ | 0 | 200000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | കാളിക്കുട്ടി സാംസ്കാരിക നിലയം മെയിന്റനന്സ് | 0 | 100000 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ല്യൂ.എ. | എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കൽ 73/18 | 21701180 21701406 21701407 | 198500 | 0 | 198500 |
| “ | അംഗൻവാടി കുടിവെള്ള കണക്ഷൻ 90/18 | 21701403 | 100000 | 0 | 100000 |
| കെ.എസ്.ഇ.ബി. | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ 136/18 | 21701366 | 111288 | 0 | 111288 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (കൈപ്പമംഗലം സെക്ഷൻ 144/18 | 21701127 | 475730 | 0 | 475730 |
| | സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (വലപ്പാട് സെക്ഷൻ 145/18 | 21701179 | 499300 | 0 | 499300 |
| | സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (കാട്ടൂർ സെക്ഷൻ 147/18 | 21701369 | 342630 | 0 | 342630 |
| | പപ്പടം സ്ട്രീറ്റ് കോളനിയിൽ മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ 189/18 | 21701414 21701413 21701415 | 92225 | 0 | 92225 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 81802254.30 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73741545 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1366946.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 4,97,510 | പി.വൈ.സാജിത, സെക്രട്ടറി |
| 3-11 | 4,02,500 | ദിവ്യ.ടി.ശങ്കർ, വി.ഇ.ഒ., ചെന്ത്രാപ്പിന്നി |
| 3-14 | 339721.00 | സി.എൻ.ഷിനിൽ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-15 | 67,500 | സലോമി.കെ.വി., ഐ.സി.ഡി.എസ്. സൂപ്പർ വൈസർ |
| 3-16 | 59,715 | സലോമി.കെ.വി., ഐ.സി.ഡി.എസ്. സൂപ്പർ വൈസർ |
| ആകെ | 1366946.00 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും
ഇല്ല

## 4-9 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1980-81 | എൽ.എഫ്.ടി.എസ്.2-1469/11/ 20.10.11/1.2.12 |
| 1981-82 | " |
| 1982-83 | " |
| 1983-84 | " |
| 1984-85 | " |
| 1985-86 | " |
| 1986-87 & 1987-88 | " |
| 1988-89, 89-90 & 1990-91 | " |
| 1991-92 | " |
| 1992-93 & 1993-94 | എൽ.എഫ്.ടി.എസ്.2-1469/11/ 20.10.11/1.2.12 |
| 1996-97 | എൽ.എഫ്.ടി.പി.3-42/14 തീ.3.4.2014 |
| 1997-98 | |
| 1998-99 | |
| 99-2000 ചെലവ് | |
| 99-2000 വരവ് | |
| 2000-01 | |
| 2000-01, 01-02 പ്ലാൻ | |
| 2001-02 | |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 05-06 | എൽ.എഫ്.ടി.12-1761/09/24-9-2010 |
| 06-07 | എൽ.എഫ്.ടി.12-1762/09/24-09-2010 |

| | |
|---|---|
| 07-08 | എൽ.എഫ്.ടി.12-853/11/29-11-11 |
| 2008-09 മുതൽ 2010-11വരെ | എൽ.എഫ്.ടി.പി.3-1346/12/ 5-11-12/12-03-13 |
| 2011-12 | എൽ.എഫ്.ടി.പി.3-1101/13/ 17-01-14/12-03-14 |
| 2012-13 | എൽ.എഫ്.ടി.പി.3-588/2014/ 3-9-14/9-12-14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ-(പി3) 218/16-15.2.16/11.3.16 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ-(പി3) 1274/16/28.7.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ-(പി3) 2180/16/ 28.01.17 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ-(പി3) 1689/17 / 24.11.2017 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018-ലെ (സാധാ) 1413/2018/ത.സ്വ.ഭ.വ., നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തൃശ്ശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| | സംക്ഷിപ്തം (Audited Abstract) |
|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ